# <u>പന്തപ്ലാക്കൽ കുടുംബസംഗമം</u>

## <u>21-ാം സമ്മേളന റിപ്പോർട്ട്</u>

**Date: 11.11.2023**
**ജോസ് ജോർജജ് തമ്പലക്കാട്**

**<u>ആമുഖം</u>**

അധിനിവേശത്തിന്റെയും, ആയുധപ്രഹരങ്ങളുടെയും നടുവിൽ അതിജീവനം നഷ്ട മാകുന്ന പിഞ്ചുകുട്ടികൾ അടക്കമുള്ള ആയിരങ്ങളുടെ നിലവിളികൾ മാത്രം കേൾക്കു ന്ന, അനുദിന വാർത്തകൾ മാത്രമാണ് നമ്മുക്ക് ചുറ്റും ഇന്നു കാണുന്നതും കേൾക്കു ന്നതും. പ്രകൃതിപോലും മനം മടുത്ത് ജനലക്ഷങ്ങളെ കാർന്നുതിന്നുന്ന ഈ ലോകത്ത് മാനുഷിക മൂല്യങ്ങൾക്കും മാനവികതയ്ക്കും വിലകല്പിക്കാതെ സ്വന്തം നേട്ടത്തിനും താൽപര്യങ്ങൾക്കും വേണ്ടിമാത്രം അടരാടുന്ന ലോകരാഷ്ട്രങ്ങൾ, രാഷ്ട്രീയപ്രവർത്ത കർ, സാമുദായിക നേതൃത്വങ്ങൾ. സത്യത്തിനും നീതിയ്ക്കുംവേണ്ടിനിലകൊള്ളേണ്ട നീതിപീഠങ്ങളും നിയമപാലകരും നിർജീവമായി നോക്കിനില്ക്കുന്നു. നിത്യാന്വേഷ കരും ക്ഷേമപ്രവർത്തകരും തമ്മിൽ തമ്മിൽ സഹതാപമില്ലാതെ മത്സരിക്കുന്ന കാലം.

ഇതിനിടയിൽ സ്നേഹത്തിനും ഐക്യത്തിനും എന്തു സ്ഥാനം. വെറുതെ വാചാല മായി സംസ്സാരിക്കുവാനും സമ്പാദിക്കാനും മാത്രമായി നിലകൊള്ളുന്ന നേതൃത്വങ്ങൾ എന്നിരുന്നാൽ കൂടി നമുക്ക് മുൻപ് അല്പം സമയം ചിന്തിക്കാം.

നമ്മുടെ കുടുംബയോഗം 22-ാം വയസ്സിൽ എത്തി നില്ക്കുകയാണ്. അതിന്റെ ആഘോഷത്തിരക്കിലും കാര്യപരിപാടികളിലും പങ്കുചേരുവാനാണ് ഇവിടെ സമ്മേളിച്ചി രിക്കുന്നത്. ഈ പ്രസ്ഥാനത്തെ ഇന്ന് ഈ കാണുന്ന വിധത്തിൽ എത്തിക്കുവാൻ വേണ്ടി പാടുപെട്ട മുൻ പ്രവർത്തകരെ നമുക്ക് നന്ദിയോടെ ഓർമ്മിക്കാം. ഈ പ്രസ്ഥാനം നാൾക്കുനാൾ വളരട്ടെ വലുതാകട്ടെ വിജയിക്കട്ടെയെന്ന് ആശിക്കാം, ആഗ്രഹിക്കാം.

## <u>21-ാം വാർഷിക സമ്മേളന പ്രവർത്തന റിപ്പോർട്ട്</u>

2023 നവംബർ 11 ശനിയാഴ്ച, പന്തപ്ലാക്കൽ കുടുംബങ്ങളുടെ ആരംഭംകുറിച്ച തിരുവിതാംകൂറിലെ പന്തത്തലയെന്ന പ്രദേശത്തിനടുത്ത് കാഞ്ഞിരപ്പള്ളി തമ്പലക്കാട് ശ്രീ ജോസ് ജോർജ്ജിന്റെ ഭവനത്തിൽ അതിമനോഹരമാക്കി അണിയിച്ചൊരുക്കിയ പന്തലിൽ കാര്യപരിപാടികൾക്ക് ആരംഭംകുറിച്ചു.

എല്ലാ വർഷങ്ങളിലെയും പോലെ തന്നെ നമ്മുടെ പ്രിയപ്പെട്ട രക്ഷാധികാരി ഫാ.തോ മസ് പന്തപ്ലാക്കലും ഒപ്പം നമ്മുടെ പ്രിയങ്കരനായ ഫാ.സനീഷ് പന്തപ്ലാക്കലും ചേർന്ന് തമ്പലക്കാട് സെന്റ് തോമസ് പള്ളിയിൽ മൺമറഞ്ഞ നമ്മുടെ മുഴുവൻ മുൻഗാമിക ളെയും സ്മരിച്ചുകൊണ്ടുള്ള പ്രത്യേക ദിവ്യബലിയും ഒപ്പീസും നടത്തി.

തുടർന്ന കൃത്യം 9 മണിക്ക് പന്തലിൽ രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചു. പതിവിലും അധികം കുടുംബങ്ങൾ പങ്കെടുത്തിരുന്നു. 9.15 ന് പ്രഭാതഭക്ഷണം നൽകി. എല്ലാവർക്കും ഇഷ്ടമാകുന്ന വിധത്തിലുള്ള ഭക്ഷണങ്ങൾ ആയിരുന്നു. കൃത്യം 10 മണിക്ക് പൊതുസമ്മേളനത്തിനു തുടക്കം കുറിച്ചു. വിശിഷ്ടാതിഥികളായി ക്ഷണിച്ചിരുന്ന കാഞ്ഞിരപ്പള്ളി രൂപതാ മെത്രാൻ, അഭിവന്ദ്യ മാർ ജോസ് പുളിക്കൽ, സീറോ മലബാർ ആർക്കി എപ്പിസ്കോപ്പൽ കുരിയാ മെത്രാൻ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വണിയപുരയ്ക്കൽ പിതാക്കന്മാരെ സ്വീകരിച്ചിരുത്തി.

കുമാരി മർലീയ ജീക് ലിവിൻ അയർക്കുന്നം ഈശ്വരപ്രാർത്ഥന ആലപിച്ചു. ശ്രീ ജോസ് ജോർജ്ജ് (ആതിഥേയ കുടുംബനാഥൻ) തന്റെ ഭവനത്തിൽ എത്തിച്ചേർന്ന വിശിഷ്ടാതിഥികൾക്കും മുഴുവൻ കുടുംബാഗങ്ങൾക്കും ശ്രദ്ധേയമായ വാക്കുകളിൽ സ്നേഹപുരസരം സ്വാഗതമേകി.

തുടർന്ന് പന്തപ്ലാക്കൽ കുടുംബയോഗ രക്ഷാധികാരി ഫാ.തോമസ് പന്തപ്ലാക്കൽ, സി.എം.ഐ, ഹൃദ്യമായ ഭാഷയിൽ വളരെ വിശാലമായ പ്രസംഗം നടത്തി. പിന്നീട് മുഖ്യ സന്ദേശത്തിനായി ഇടവക വികാരി റവ.ഫാ.ജോസഫ് തറപ്പേൽ കടന്നുവന്നു. നല്ല ഒരു സന്ദേശ പ്രസംഗം തന്നെ കാഴച വച്ചു.

അടുത്തതായി സ്റ്റേജിൽ നടന്നത് ശ്രീ ബേബി പന്തപ്ലാക്കൽ കുടുംബയോഗ പ്രസിഡന്റ് സ്വന്തം വാക്കുകളിൽ നല്ല ഒരു അദ്ധ്യക്ഷപ്രസംഗം നടത്തി. എല്ലാവരും നന്നായി ആസ്വദിച്ചു.

തുടർന്ന് ഉൽഘാടന പ്രസംഗത്തിനായി അഭിവന്ദ്യനായ പിതാവ് ജോസ് പുളിക്കൽ സ്റ്റേജിൽ ആഗതനായി. എല്ലാവരും എണീറ്റ് നിന്ന് അഭിവാദ്യങ്ങൾ നൽകി. ആധുനിക കാലഘട്ടത്തിൽ കത്തോലിക്ക കുടുംബങ്ങളുടെ തളർച്ചയെയും വളർച്ചയെയും കുറിച്ച് വളരെ ആഴത്തിലും അർത്ഥത്തിലും സംസാരിച്ചു.

പിന്നീട് തങ്ങളുടെ വിശിഷ്ടാതിഥി ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ ആയിരുന്നു അനുഗ്രഹ പ്രഭാഷണം നടത്തിയത്. അദ്ദേഹം തന്റെ പ്രഭാഷണത്തിലൂടെ ഇന്ന് വിശ്വാസസമൂഹം നേരിടുന്ന സാമൂഹ്യ പ്രതിനിധികളുടെ ജയപരാചയങ്ങൾ വിശദീകരിച്ചു. എല്ലാവരും സാകൂതം സ്വീകരിച്ചു.

വീണ്ടും സ്റ്റേജിൽ നടന്നത് മുഖ്യ പ്രഭാഷകൻ കാഞ്ഞിരപ്പള്ളി രൂപത പ്രൊക്കുറേറ്റർ റവ.ഫാ.ഫിലിപ്പ് തടത്തിലായിരുന്നു. പുതിയ കാലഘട്ടത്തിൽ ക്രിസ്റ്റ്യൻ കുടുംബങ്ങളുടെ അവസ്ഥയെപ്പറ്റി കാര്യഗൗരവത്തോടെ അവതരിപ്പിച്ചു. എല്ലാവരും സാകൂതം കേട്ടിരുന്നു.

അടുത്ത പരിപാടി നവീകരിച്ച പന്തപ്ലാക്കൽ കുടുംബയോഗ വെബ് സൈറ്റിന്റെ ഉൽഘാടനമായിരുന്നു. അതിനായി എത്തിയത് രാഷ്ട്രീയ പ്രമുഖനും വാഗ്മിയുമായ കാഞ്ഞിരപ്പള്ളി എം.എൽ.എ ഡോ.എൻ ജയരാജ്, വളരെ കുറഞ്ഞ സമയം കൊണ്ട് കുടുംബകൂട്ടായ്മയുടെ പ്രസക്തിയെപ്പറ്റി സരസ്സമായി സംസാരിച്ചു. വീണ്ടും നമ്മുടെ കുടുംബയോഗത്തിന് സന്ദേശവുമായി വന്നത് പ്രിയങ്കരനായ എം.പി ശ്രീ ആന്റോ ആന്റണി സാർ ആണ്. ഗഗന ഗംഭീരമായ ഒരു സന്ദേശപ്രസംഗം തന്നെ നടത്തി ഒരു ഉത്തമ നേതാവിന്റെ മുഴുവൻ ആവേശവും പ്രകടിപ്പിച്ചു.

കുടുംബയോഗ പ്രതിനിധികളുടെ പ്രത്യേകക്ഷണം സ്വീകരിച്ച് നമ്മുടെ യോഗത്തിൽ സംസാരിക്കാൻ ശ്രീ ചാണ്ടി ഉമ്മൻ എം.എൽ.എ യും എത്തി. സാധാരണക്കാരന്റെ ജീവിതപ്രശ്നങ്ങളുടെ ഒരു കാര്യമായ വിവരണം തന്നെ അദ്ദേഹം വരച്ചു കാണിച്ചു. അദ്ദേഹത്തിന്റെ പിതാവും മുൻ കേരളാ മുഖ്യമന്ത്രി ശ്രീ ഉമ്മൻ ചാണ്ടി സാറിനെ നമ്മൾ എന്നും വലിയ ബഹുമാനത്തോടെ ഓർമ്മിക്കുകയാണ്. പന്തപ്ലാക്കൽ കുടുംബയോഗ ത്തിൽ മുൻപ് അദ്ദേഹം ഉദ്ഘാടനപ്രസംഗം നടത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ജ്വലിക്കുന്ന സ്മരണകൾ എന്നും കേരളജനത മനസ്സിൽ സൂക്ഷിക്കുന്നുണ്ട്.

പിന്നീട് സ്റ്റേജിൽ നടന്നത് കുടുംബയോഗ റിപ്പോർട്ട് വായനയാണ്. അതിനായി വരേണ്ടത് യോഗ സെക്രട്ടറി ശ്രീ മാത്തുകുട്ടി വീർപ്പാടായിരുന്നു. ചില സാങ്കേതിക കാരണത്താൽ അദ്ദേഹത്തിന് എത്തിച്ചേരുവാൻ കഴിഞ്ഞില്ല. ആയതിനാൽ ജോ.സെക്രട്ടറി ശ്രീ ജോസ് കല്ലാനോട് റിപ്പോർട്ട് അവതരിപ്പിച്ചു. കഴിഞ്ഞ വർഷത്തെ യോഗനടപടികളെ കൃത്യമായി വിശകലനം ചെയ്തുകൊണ്ടുള്ള റിപ്പോർട്ടായിരുന്നു.

അടുത്തതായി യോഗട്രഷറർ ശ്രീ സന്തോഷ് അണുങ്ങോട്ട് ആണ് കഴിഞ്ഞ വർഷത്തെ കണക്ക് അവതരിപ്പിക്കാൻ എത്തിയത്. കൃത്യമായി തന്നെ കണക്കുകൾ അവതരിപ്പിച്ചു.

വീണ്ടും നടന്നത് ആശംസ പ്രസംഗങ്ങൾ ആയിരുന്നു. ഫാ.റോയിച്ചൻ ചക്കുലിൽ (സുപ്പീരിയർ ഐ.എം.എസ് ആശ്രമം തമ്പലക്കാട്), ശ്രീ രാജു ജോർജ്ജ് തെക്കുംതോട്ടം (കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് മെമ്പർ), റവ.ഫാ. ആൽബിൻ, അസ്സി. ഡയറക്ടർ മലനാട് ഡവലപ്മെന്റ് സൊസൈറ്റി, കൂടാതെ നമ്മുടെ പ്രഥമ കുടുംബ യോഗ പ്രസിഡന്റ് ശ്രീ പി.റ്റി ജോസഫ് പേരാവൂർ, മുൻ പ്രസിഡന്റ് ശ്രീ ജോസ് സാർ ചേറ്റുതോട്, ദീർഘകാലം സെക്രട്ടറി പദം അലങ്കരിച്ച ശ്രീ പി.ജെ ചെറിയാൻ മാസ്റ്റർ കുളക്കാട് തുടങ്ങിയവർ നൽകിയ ആശംസകൾ നമ്മെ ഒരുപാട് ചിന്തിക്കാനും ചിരി ക്കാനും വക നൽകുന്നതായിരുന്നു.

വീണ്ടും സ്റ്റേജിൽ അരങ്ങേറിയത് ആദരിക്കൽ ചടങ്ങായിരുന്നു. ഈ വർഷം നമ്മുടെയെല്ലാം ആദരവിന് അർഹയായത് ശ്രീമതി മിനി ടീച്ചർ പന്തപ്ലാക്കലായിരുന്നു. സേവന സന്നദ്ധതയുടെ ഒരുതുറന്ന പുസ്തകമാണ് മിനി ടീച്ചർ എന്നും അവർ പന്തപ്ലാക്കൽ കുടുംബത്തിന് ഐശ്വര്യമാണ്, അഭിമാനമാണ്.

ഇതോടുകൂടി രാവിലത്തെ പരിപാടികൾ പൂർണ്ണമായി. നന്ദിപ്രകടനത്തിനായി ശ്രീ ജോൺസൺ കപ്പാട്, ജോ. സെക്രട്ടറി പന്തപ്ലാക്കൽ കുടുംബയോഗം നിറഞ്ഞ പുഞ്ചിരി യോടെ കുറഞ്ഞവാക്കുകളിൽ പ്രഭാപൂരിതമായി. മുഖ്യപ്രഭാഷകർക്കും, വിശ്ഷ്ടാതിഥി കൾക്കും, മുഴുവൻ കുടുംബയോഗങ്ങൾക്കും മധുര മനോഹരമായ നന്ദി അറിയിച്ചു. ഒരു മണിയോടു കൂടി സഭ ഉച്ചഭക്ഷണത്തിനു പിരിഞ്ഞു. അതിസമൃദ്ധമായ ഉച്ചഭക്ഷണമായി രുന്നു. ഭക്ഷണകമ്മറ്റിയെ അഭിമാനത്തോടെ പ്രശംസിക്കുന്നു.

സമയക്കുറവുമൂലം ഉച്ചഭക്ഷണസമയത്തും നമ്മുടെ കൊച്ചു മിടുക്കന്മാരുടെയും മിടുക്കികളുടെയും കലാപരിപാടികൾ അരങ്ങു തകർത്താടി. ഡാൻസ്, പ്രസംഗം, മോണോ ആക്ട് ഒക്കെ മികവു പുലർത്തി.

വീണ്ടും 1.30 ന് കാര്യപരിപാടികൾക്ക് തുടക്കമായി. നമ്മുടെ ബഹുമാനപ്പെട്ട ഫാ.സനീഷ് പന്തപ്ലാക്കൽ നേതൃത്വം നൽകിയ ഗ്രൂപ്പ് ചർച്ച ആരംഭിച്ചു. വിഷയം

ആധുനിക കാലത്ത് ക്രൈസ്തവ കുടുംബങ്ങളുടെ പ്രസക്തിയെന്നതായിരുന്നു. തികച്ചും വിജ്ഞാനപ്രദവും ജനകീയവുമായിരുന്നു.

3.30 ന് പൊതുചർച്ച തുടങ്ങി. മുഴുവൻ കുടുംബങ്ങളുടെയും വികാരവും വിവേകവും ചർച്ചയിൽ ഉയർന്നുവന്നു.

4.45 ന് കുടുംബങ്ങളെ ആദരിക്കൽ ചടങ്ങിന് തുടക്കം കുറിച്ചു. ഏറ്റവും പ്രായം കൂടിയ കുടുംബാംഗം, ഏറ്റവും പ്രായം കൂടിയ ദമ്പതികൾ, ഏറ്റവും ഒടുവിൽ വിവാഹിതരായ ദമ്പതികൾ, ഏറ്റവും ഒടുവിൽ ജനിച്ച കുട്ടി, ഏറ്റവും ദൂരത്തുനിന്നും യോഗത്തിനെത്തിയ അംഗം, കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച കുടുംബം, ഏതെങ്കിലും മേഖലയിൽ പ്രത്യേക കഴിവ് തെളിയിച്ച വ്യക്തി. ഇവരെ ഓരോരുത്തരെയും സ്റ്റേജിൽ വിളിച്ച് ആദരിച്ച് സമ്മാനങ്ങൾ നൽകി. 2023 ൽ ലോഗോസ്ക്വിസ് മത്സരത്തിൽ വിജയികൾക്ക് കെ.സി.ബി.സി ബൈബിൾ കമ്മീഷൻ ജോ.സെക്രട്ടറി ശ്രീ ബോബി പന്തപ്ലാക്കൽ പുതിയ നിയമം സമ്പൂർണ്ണ ബൈബിൾ സമ്മാനമായി നൽകി.

**<u>മികവുറ്റ വിദ്യാർത്ഥികൾക്കായുള്ള പ്രത്യേക സ്കോളർഷിപ്പ് വിതരണം:-</u>**

അകാലത്തിൽ പന്തപ്ലാക്കൽ കുടുംബത്തിൽ നിന്നും അടർന്നുപോയ, നമ്മുടെ പ്രിയപ്പെട്ട ജെയിക്ക് ജോർജ്ജ് ഷിജോയുടെ അനുസ്മരണാർത്ഥം, കിഴക്കമ്പലം പന്തപ്ലാക്കൽ ഷിജോ.പി.മാത്യുവും കുടുംബവും നൽകി വരുന്ന കാഷ് അവാർഡുകൾ ശ്രീ.പി.എം മാത്യു പന്തപ്ലാക്കൽ, എസ്.എസ്.എൽ.സി കേരളാ, എസ്.എസ്.എൽ.സി സി.ബി.എസ്.സി, പ്ലസ്ടു കേരളാ, പ്ലസ്ടു സി.ബി.എസ്.സി യിൽ ഉന്നത വിജയം വരിച്ച വിദ്യാർത്ഥികൾക്ക് നൽകി ആദരിച്ചു.

4.45 ന് കാലങ്ങളായി നമ്മൾ നടത്തികൊണ്ടുപോരുന്ന കായിക മത്സരം ''വടംവലി'' തിരുവിതാംകൂർ മലബാറുമായി തിരിഞ്ഞുള്ള മത്സരം, മത്സരത്തിൽ വിജയികളായത് മലബാർ വിഭാഗമായിരുന്നു. അവർക്കുള്ള സമ്മാനങ്ങൾ നൽകിയത് ബേബി കുപ്പായക്കോട്, ജോയൻ അയർക്കുന്നം, ശ്രീ മാത്തുക്കുട്ടി പൈകയുമായിരുന്നു. മത്സരങ്ങളിലും കാര്യപരിപാടികളിലും പങ്കെടുത്ത മുഴുവൻ വിജയികൾക്കും സമ്മാനങ്ങൾ സ്പോൺസർ ചെയ്ത് ശ്രീ മാത്തുക്കുട്ടി പൈകയായിരുന്നു.

**എക്സിക്യൂട്ടീവ് യോഗങ്ങൾ:-**

ശ്രീ മാത്തുക്കുട്ടി പൈകയുടെ വീട്ടിൽ ചേർന്ന യോഗത്തിൽ ബേബി കുപ്പായക്കോടിന്റെ അദ്ധ്യക്ഷതയിൽ, ജോസ് ജോസഫ് ചേറ്റുതോട്, ജോസ് ജോസഫ് ഇളംകുളം, മാത്തുക്കുട്ടി പൈക, ജോയൻ അയർക്കുന്നം, ജിഷ് ജോസ് അയർക്കുന്നം, പി.റ്റി അഗസ്റ്റിൻ കപ്പാട്, ഷാജി മാത്യു, സാജൻ മാത്യു, ചാക്കോച്ചൻ മണിമല, ബിജു ഏന്തയാർ, ടോമി ചെറിയാൻ ചെമ്പകപ്പാറ, ജോസ് ജോർജ്ജ് തമ്പലക്കാട്.

കൂടാതെ മലബാറിൽ നിന്നും അപ്പി ചാക്കോ ഓടൻതോട്, സന്തോഷ് അണുങ്ങോട്, മാത്തുക്കുട്ടി വീർപ്പാട് തുടങ്ങിയവരും പങ്കെടുത്തു. കുടുംബയോഗ പ്രവർത്തനങ്ങളെ

വിലയിരുത്തി കുടുബസമ്മേളനം ശ്രീ ജോസ് തമ്പലക്കാടിന്റെ വീട്ടിൽ നടത്തുവാനുള്ള തീരുമാനവും എടുത്തു.

പ്രോഗ്രാം കോർഡിനേറ്റേഴ്സായി ശ്രീ ജോയൽ പന്തപ്ലാക്കൽ ജോൺസൺ കപ്പാട്, ജോസ് ജോസഫ് ചേറ്റുതോട്, മാത്തുക്കുട്ടി പൈക തുടങ്ങിയവരെ തിരഞ്ഞെടുത്തു.

അടുത്ത കമ്മറ്റി ശ്രീ ജോസ് ജോർജ്ജിന്റെ ഭവനത്തിൽ 22.09.2023 ന് ചേർന്നു. ജോൺ ചെറിയാൻ, മാത്തുക്കുട്ടി പൈക, ജോസ് ജോസഫ് ചേറ്റുതോട്, ബെന്നി ജോസഫ്, ജോൺസൺ കപ്പാട്, ജോസ് തമ്പലക്കാട്, ജിഷ് ജോസ് അയർക്കുന്നം - കുടുംബയോഗം ഭംഗിയായി നടതതുവാനുള്ള ക്രമീകരണങ്ങളെ കുറിച്ച് സംസാരിച്ചു. യോഗത്തിൽ ക്ഷണിക്കപ്പെടേണ്ട വ്യക്തികളെയും മറ്റും കണ്ടെത്താൻ തുടക്കം കുറിച്ചു.

തുടർന്ന് മൂന്ന് യോഗങ്ങൾ കൂടി ജോസ് ജോർജ്ജ് തമ്പലക്കാടിന്റെ വീട്ടിൽ നടന്നു. തിരുവിതാകൂറിലെ മുഴുവൻ എക്സിക്യൂട്ടീവ് വളരെ താൽപര്യപൂർവ്വം പങ്കെടുത്തു. കുടുംബയോഗത്തിന്റെ എല്ലാ പ്രശ്നങ്ങളും ആലോചിച്ചു നല്ല തൂരുമാനങ്ങൾ എടുക്കുകയുണ്ടായി.

**ആദരാഞ്ജലികൾ:-**

കഴിഞ്ഞ കുടുംബയോഗസമ്മേളനത്തിനുശേഷം നമ്മുടെ കുടുംബങ്ങളിൽ നിന്നും മരണം മൂലം വേർപെട്ടുപോയവർ-

1. മാത്യു വർക്കി, കാഞ്ഞിരപ്പള്ളി, പാലാ
2. അന്നക്കുട്ടി തോമസ്, പന്തപ്ലാക്കൽ, മൂരിക്കടവ്, ആലക്കോട്
   (ആദ്യകാല കുടുംബയോഗ വൈസ് പ്രസിഡന്റ് ശ്രീ ഔസേപ്പച്ചൻ സാറിന്റെ പ്രിയ മാതാവാണ്)
3. തോമസ് മാത്യു, പന്തപ്ലാക്കൽ, വണ്ണാത്തിച്ചിറ, കുറ്റ്യാടി
4. ജോയികുഞ്ഞ്, പന്തപ്ലാക്കൽ, ഓടൻതോട്, പേരാവൂർ
5. ഷിജി പന്തപ്ലാക്കൽ, പേരാവൂർ, കണ്ണൂർ
6. ജോസഫ് തോമസ്, പന്തപ്ലാക്കൽ, കാഞ്ഞിരമറ്റം, പാലാ

അതാതു പ്രദേശങ്ങളിലുള്ള കുടുംബാഗങ്ങൾ, സംസ്കാരചടങ്ങുകളിൽ പങ്കെടുത്ത് അനുശോചനം അറിയിച്ചു.

തുടർന്നുള്ള കുടുംബയോഗ പ്രവർത്തനങ്ങലിലും മുഴുവൻ കുടുംബങ്ങളുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട്, അഭ്യർത്ഥിച്ചുകൊണ്ട് ഈ റിപ്പോർട്ട് എല്ലാവരുടെയും അംഗീകാരത്തിനും ചർച്ചയ്ക്കുമായി ഏറെ സന്തോഷത്തോടെ സവിനയം സമർപ്പിക്കുന്നു.

പന്തപ്ലാക്കൽ കുടുംബയോഗ സെക്രട്ടറി,

ജോസ് കല്ലാനോട്